പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 576** — 9-2-2016 ൽ മറുപടിക്ക്

## ലൈറ്റിംഗ് ഡിവിഷൻ വികസന പദ്ധതികൾ

| ചോദ്യം<br>**ശ്രീ.കെ.ദാസൻ** | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാം; | (എ) കൊയിലാണ്ടി മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ പറയുന്നു.<br><br>1. എനർജി മീറ്റർ കാർഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ എസ്എംടി മെഷീൻ സ്ഥാപിച്ചു. എനർജി മീറ്റർ കാർഡുകൾ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകിയിരുന്നെങ്കിലും സാങ്കേതിക പ്രശ്നങ്ങളാൽ പദ്ധതി ഉപേക്ഷിച്ചു.<br>2. ഐ.ടി, കമ്പ്യൂട്ടർ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് എൻടിടിഎഫുമായി ചേർന്ന് പരിശീലന ക്ലാസുകൾ ആരംഭിച്ചു. രണ്ടു ബാച്ചുകൾക്ക് ശേഷം വിദ്യാർത്ഥികൾ കുറവായതിനാൽ ക്ലാസുകൾ നിർത്തലാക്കി. |
| (ബി) അതിന്റെ തുടർ നടപടികളായി ഈ സർക്കാറിന്റെ കാലത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) മൂടാടി യൂണിറ്റിനെ വിവിധ ശ്രേണിയിലുള്ള എൽഇഡി ലൈറ്റുകൾ നിർമ്മിച്ചു നൽകുന്നതിനും അവയുടെ ഗുണപരിശോധനയ്ക്കുമുള്ള കെൽട്രോൺ ലൈറ്റിങ് ഡിവിഷനായി നവീകരിച്ചു, പ്രവർത്തനം നടത്തിവരുന്നു. |
| (സി) ഇവിടെ എൽ.ഇ.ഡി. മാനുഫാക്ചറിംഗ് & ഡെവലപ്പ്മെന്റ് സ്കീമിൽ സർക്കാർ അനുവദിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക അനുവദിച്ചു; വിശദമാക്കാമോ; | (സി) എൽഇഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ കമ്പനിക്ക് ലഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു. |
| (ഡി) ലൈറ്റിംഗ് ഡിവിഷന്റെ പൊതുവികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ മുൻപിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) മറ്റു ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ